**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 104** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഡിജിറ്റൽ സർവ്വേ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

ഡിജിറ്റൽ സർവ്വേ പൂർത്തിയായി സെക്ഷൻ 13 പ്രകാരം ഗസറ്റ് വിജ്ഞാപനം നടത്തി റവന്യൂ വകുപ്പിന് കൈമാറുന്നത് വരെയുള്ള പരാതികൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വേയുടെ ക്യാമ്പ് ഓഫീസ് വഴിയും എൻറെ ഭൂമി (https://survey.entebhoomi.kerala.gov.in/portal) എന്ന പോർട്ടൽ മുഖേനയും കഴിയുന്നതാണ്. എന്നാൽ സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി കഴിഞ്ഞതിനു ശേഷം ലഭിക്കുന്ന പരാതികൾ എന്റെ ഭൂമി പോർട്ടൽ വഴി ഓൺലൈനായി LRM പരാതികളായിട്ടാണ് നടപടികൾ സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതിന് രാവിലെ 9.30 മുതൽ വൈകുന്നേരം 6.30 വരെ എല്ലാ പ്രവർത്തി ദിനത്തിലും കോൾസെന്റർ സർവെ ഡയറക്ടറേറ്റിൽ പ്രവർത്തിച്ച് വരുന്നു. ഡിജിറ്റൽ സർവെ പൂർത്തിയായ 228 വില്ലേജുകളിലായി ശേഷിക്കുന്ന 50,000 (അമ്പതിനായിരം) ത്തോളം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു.

**(ബി)** ഡിജിറ്റൽ സർവ്വേയിൽ രണ്ടുമൂന്നു പ്ലോട്ടുകൾ ഒന്നിച്ചു ചേർത്ത് ഒരേ സർവ്വേ നമ്പർ ആക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഒരു വ്യക്തിയുടെയോ ഒന്നിലധികം വ്യക്തികളുടെയോ ഒരേ ഗണത്തിൽപ്പെട്ടതും പൊതുവായ ഉടമസ്ഥതയിലും അനുഭവത്തിലും (enjoyment) ഉൾപ്പെടുന്നതുമായ ഭൂമികൾ ഒരുമിച്ച് സർവെ ചെയ്യുന്നതിനാണ് റീസർവെ മാനുവൽ നിഷ്ക്കർഷിക്കുന്നത്.

സർവെ നിയമങ്ങൾ പ്രകാരം സബ്ഡിവിഷൻ ചെയ്യേണ്ട എല്ലാഭൂമിയും പ്രത്യേകം പ്രത്യേകം പാർസലാക്കിയാണ് റിക്കാർഡ് തയ്യാറാക്കി വരുന്നത്. എന്നാൽ ആവശ്യമായ രേഖകൾ ഭൂവുടമകളിൽ നിന്ന് ലഭിക്കാത്തതൊ, പ്രസ്തുത സ്ഥലത്ത് നിന്ന് പോയിൻറുകൾ എടുത്ത് വേർതിരിക്കാൻ കഴിയാത്തതോ (വെള്ളക്കെട്ട്, ഗർത്തം, കാട് പിടിച്ച് സർവ്വേ സാധ്യമാകാത്തത്), കൂട്ട്

അവകാശത്തിൽ പെട്ടതൊ, നിലവിലെ സ്കെച്ചുകൾ പ്രകാരം വേർതിരിക്കാത്തതും അവകാശതർക്കം കോടതിയുടെ പരിഗണനയിൽ നിലനിൽക്കുന്നതുമായ പ്ലോട്ടുകൾ ഒരുമിച്ചാണ് സർവ്വെ ചെയ്യുന്നത്.

**(സി)** ഇങ്ങനെ പ്ലോട്ടുകൾ കൂട്ടിച്ചേർക്കുമ്പോൾ അതിൽ ഏതെങ്കിലും ഒരു പ്ലോട്ടിന്റെ ആധാരം പണയപ്പെടുത്തുന്നതിനോ വിൽക്കുന്നതിനോ ബുദ്ധിമുണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

<u>**മറുപടി:**</u> ഒരു വ്യക്തിയുടെയോ ഒന്നിലധികം വ്യക്തികളുടെയോ ഒരേ ഗണത്തിൽപ്പെട്ടതും പൊതുവായ ഉടമസ്ഥതയിലും അനുഭവത്തിലും (enjoyment) ഉൾപ്പെടുന്നതുമായ ഭൂമികൾ ഡിജിറ്റൽ സർവേയുടെ ഭാഗമായി സംയോജിപ്പിക്കപ്പെട്ട സാഹചര്യങ്ങളിൽ, അതിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരു പ്ലോട്ട് മാത്രം പ്രത്യേകം പണയപ്പെടുത്തുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു ഭാഗം ഭൂമി വിൽക്കുന്നതിന് നിലവിൽ ബുദ്ധിമുട്ടില്ലാത്തതാണ്. കൈമാറ്റം ചെയ്യേണ്ട ഭൂമിയുടെ പ്രീമ്യൂട്ടേഷൻ സ്കെച്ച് വാങ്ങി തുടർനടപടി ഓൺലൈനായി സ്വീകരിക്കാവുന്നതാണ്.

സംയോജിപ്പിക്കപ്പെട്ട പ്ലോട്ടിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരു പ്ലോട്ട് മാത്രം പ്രത്യേകം പണയപ്പെടുത്തുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന വിഷയം പ്രത്യേകം പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടി സ്വീകരിക്കുന്നതാണ്. നിലവിലെ നിയമപ്രകാരം ഒരാളുടെ പേരിലുള്ള ഒരേ തരത്തിലുള്ള അടുത്തടുത്ത ഭൂമികൾ ഒന്നായിട്ടാണ് സർവ്വെ ചെയ്യാൻ സാധിക്കുന്നത്. വ്യക്തമായ കാരണത്തോടെ നൽകുന്ന അത്തരം അപേക്ഷകൾ, കക്ഷികൾ തന്നെ വ്യക്തമായി അതിർത്തി തിരിച്ച് നൽകുന്നപക്ഷം സബ്ഡിവിഷൻ ചെയ്ത് നൽകുന്നത് പരിശോധിക്കുന്നതാണ്.

**(ഡി)** ഡിജിറ്റൽ സർവ്വേ നടപ്പിലാക്കിയതിന് ശേഷം വസ്തു ഉടമ മരണപ്പെട്ട് കഴിഞ്ഞാൽ വസ്തുവിന്റെ ക്രയവിക്രയത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും കാലതാമസവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**മറുപടി:**</u> ഒരു വസ്തുവിൻ്റെ ഉടമ മരണപ്പെട്ടാൽ പിൻതുടർച്ചാ പോക്കുവരവു ചെയ്ത് തണ്ടപ്പേർ മാറ്റം നടത്തുന്നത് കേരള പോക്കുവരവ് ചട്ടങ്ങൾ 1966 ലെ ചട്ടം 27 പ്രകാരമാണ്. ഡിജിറ്റൽ സർവ്വെ കഴിഞ്ഞ വില്ലേജിലും ഇതേ നടപടിയാണ് സ്വീകരിക്കുന്നത്. തണ്ടപ്പേർ മാറ്റുന്നതിനായി വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയാൽ വില്ലേജ് ഓഫീസർ അവകാശികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ഇത്തരം നോട്ടീസിന്റെ അടിസ്ഥാനത്തിൽ 15 ദിവസം വരെ എതിർപ്പ് അറിയിക്കാവുന്നതാണ്. യാതൊരു എതിർപ്പുകളും ലഭിച്ചില്ലെങ്കിൽ അവകാശികളുടെ കൂട്ടായ തണ്ടപ്പേരിൽ പിൻതുടർച്ചാ പോക്കുവരവ് ചെയ്ത് നൽകുന്നതാണ്. നിയമ പ്രകാരമുള്ള നോട്ടീസ് കാലാവധി മാത്രമാണ് ഇത്തരം കേസുകളിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം.

**സെക്ഷൻ ഓഫീസർ**